LIBRARY ARCHIVES Kerala Legislative Assembly

ഫിഷിംഗ് ഹാർബറുകൾ

53 [6019] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മമ്മൂട്ടി:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന ഫിഷിംഗ് ഹാർബറുകൾ ഏതെല്ലാം;

(ബി) ഇവയുടെ പണി എന്ന് ആരംഭിച്ചു;

(സി) പണി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നീണ്ടകര, തങ്കശ്ശേരി, വിഴിഞ്ഞം, കായംകുളം, തലായ്, പൊന്നാനി, മുതല പൊഴി.

(ബി) വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ രണ്ടും മൂന്നും ഘട്ടവികസന പ്രവർത്തനങ്ങൾ 1994-ൽ ആരംഭിച്ചു. നീണ്ടകര ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം 1982-ലും, തങ്കശ്ശേരിയുടെ നിർമ്മാണം 1989-ലും, കായംകുളത്തിന്റെ നിർമ്മാണം 1995-ലും, തലായ്, പൊന്നാനി, മുതലപ്പൊഴി എന്നീ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം 2002-ലും ആരംഭിച്ചു.

(സി) വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം 2003-04 സാമ്പത്തിക വർഷവും, നീണ്ടകര, തങ്കശ്ശേരി, മുതലപ്പൊഴി എന്നിവയുടെ നിർമ്മാണം 2004-05 സാമ്പത്തിക വർഷവും, കായംകുളം, പൊന്നാനി എന്നിവയുടെ നിർമ്മാണം 2005-06 സാമ്പത്തിക വർഷവും തലായ് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം കേന്ദ്രാനുമതി ലഭിച്ചുകഴിഞ്ഞാൽ നാലുവർഷത്തിനുള്ളിലും പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മൽസ്യമേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുടെ പ്രവർത്തനങ്ങൾ

54 [6020] ശ്രീ. ബിനോയ് വിശ്വം:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യ വകുപ്പ്, മൽസ്യ ഫെഡ്, മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, എഫ്. എഫ്. ഡി. എ., അഡാക്ക് മുതലായവയുടെ ഓരോന്നിന്റെയും പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം;